**<u>അന്തർ ദേശീയ ക്രെഡിറ്റ് കാർഡുകൾ</u>**

**<u>സ്ഥിര നിവാസികൾക്കുള്ള സൗകര്യങ്ങളുടെ ഉദാരവൽക്കരണം</u>**

എ പി (ഡി ഐ ആർ സീരീസ്) സർക്കുലർ നമ്പർ. 103 (മെയ് 21, 2003)

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്രകാര്യാലയം
മുംബൈ 400 001

എ പി (ഡി ഐ ആർ സീരീസ്) സർക്കുലർ നമ്പർ. 103 മെയ് 21, 2003

എല്ലാ വിദേശ നാണ്യ വിനിമയ ഡീലർമാർക്കും

സർ/മാഡം,

അന്തർദ്ദേശീയ ക്രെഡിറ്റ് കാർഡുകൾ - സ്ഥിര നിവാസികൾക്കുള്ള സൗകര്യങ്ങളുടെ ഉദാരവൽക്കരണം

അന്തർദേശ്ശീയ ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട എ പി (ഡി ഐ ആർ സീരീസ്) 2003 ജനുവരി 24ന് പുറപ്പെടുവിച്ച 73-ാം നമ്പർ സർക്കുലറിലേയ്ക്ക് എല്ലാ അംഗീകൃത ഡീലർമാരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

2) കൂടുതൽ ഉദാരവൽക്കരണത്തിന്റെ ഭാഗമായി നിലവിലുള്ള അനുവദനീയമായ വിദേശ വിനിമയ നിയന്ത്രണങ്ങളുടെ കീഴിൽ ഇന്ത്യയിലുള്ള അംഗീകൃത ഡീലറുടെ പക്കലോ വിദേശത്തുള്ള ബാങ്കിലോ ഒരു വിദേശ നാണ്യ അക്കൗണ്ട് നിലനിർത്തുന്ന നിവാസികൾക്ക് വിദേശ ബാങ്കുകളും മറ്റു പ്രശസ്തമായ ഏജൻസികളും നൽകുന്ന അന്തർദേശീയ ക്രെഡിറ്റ് കാർഡുകൾ കരസ്ഥമാക്കാൻ സ്വാതന്ത്ര്യമുണ്ട്. ഇന്ത്യയിലോ വിദേശത്തോ അത്തരം കാർഡുകൾക്ക് വരാവുന്ന ചാർജുകൾ എന്തെങ്കിലുമുണ്ടെങ്കിൽ കാർഡ് കൈവശക്കാരന്റെ വിദേശ കറൻസി അക്കൗണ്ടിലെ നിക്ഷേപങ്ങളിൽ നിന്നോ കാർഡ് കൈവശക്കാരന് സേവിങ്സ് അക്കൗണ്ടോ കറണ്ട് അക്കൗണ്ടോ ഉള്ള ഇന്ത്യയിലെ ബാങ്കിലൂടെ പണമടവ് വഴിയോ ഈടാക്കാവുന്നതാണ്. ഈ ആവശ്യത്തിനുവേണ്ടിയുള്ള പണമടവ് വിദേശത്തുള്ള കാർഡ് വിതരണ ഏജൻസിയ്ക്ക് നേരിട്ടാണ് നൽകേണ്ടത്, ഒരു മൂന്നാം കക്ഷിയ്ക്കല്ല.

3). കാർഡ് വിതരണം ചെയ്യുന്ന ബാങ്കുകൾ നിശ്ചയിക്കുന്ന പരിധിയായിരിക്കും ബാധകമായ ക്രെഡിറ്റ് പരിധി. ഈ സൗകര്യത്തിന് കീഴിൽ പണം അടയ്ക്കുന്നതിന് ഭാരതീയ റിസർവ് ബാങ്ക് പരിധികളൊന്നും നിശ്ചയിച്ചിട്ടില്ല.

4). സ്ഥിര നിവാസിൽ അന്തർദേശീയ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുമ്പോൾ ഇപ്പോൾ ബാധകമായിരിക്കുന്ന അതേ നിയന്ത്രണങ്ങൾ തന്നെയായിരിക്കും നിരോധിച്ച ലോട്ടറി ടിക്കറ്റുകൾ, മാസികകൾ എന്നിവ വാങ്ങൽ വാതുവയ്പിൽ പങ്കെടുക്കൽ കോൾബാക്ക് സേവനങ്ങൾക്കുള്ള പണമടവ് തുടങ്ങിയവയ്ക്കും ബാധകമായിരിക്കുക

5). അംഗീകൃത ഡീലർമാർ ഈ സർക്കുലറിലെ ഉള്ളടക്കങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരണം

6). ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ 1999 വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് ( 1999 ൽ 42) ന്റെ സെക്ഷൻ 10(4) ഉം സെക്ഷൻ 11(1) ഉം പ്രകാരമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ
ഗ്രേസ് കോശി
ചീഫ് ജനറൽ മാനേജർ